**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6232** **17-03-2023 - ൽ മറുപടിയ്ക്ക്**

**പുന്നപ്ര സാഗര സഹകരണ ആശുപത്രിയുടെ പ്രവർത്തന പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കേപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആലപ്പുഴ ജില്ലയിലെ പുന്നപ്ര സാഗര സഹകരണ ആശുപത്രിയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | 2010 - ൽ ആണ് സാഗര ആശുപത്രി സ്ഥാപിച്ചിട്ടുള്ളത്. എന്നാൽ 2011 മുതൽ 2016 വരെയുള്ള അഞ്ച് വർഷം ആശുപത്രിയുടെ പ്രവർത്തനം നിർജ്ജീവാവസ്ഥയിൽ ആയിരുന്നു. തുടർന്ന് 2016 ൽ അധികാരത്തിൽ വന്ന സർക്കാർ ആശുപത്രിയുടെ പുരോഗതിയ്ക്കായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇതിനായി ഒരു ഡോക്ടറെ അഡ്മിനിസ്ട്രേറ്ററായി നിയമിച്ചു. തുടർന്ന് നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി ഇരുപതോളം മെഡിക്കൽ വിഭാഗങ്ങളും നാല്പതോളം ഡോക്ടർമാരുള്ള ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി സാഗര ആശുപത്രി മാറിയിരിക്കുന്നു<br><br>ജനറൽ, ഓർത്തോപീഡിക് ശസ്ത്രക്രിയകളും, ലാപ്രോസ്കോപ്പി ശസ്ത്രക്രിയകളും ഉൾപ്പെടെയുള്ള എല്ലാവിധ ശസ്ത്രക്രിയകളും നടന്നു വരുന്നു. ഡയാലിസിസ് യൂണിറ്റിൽ പ്രതിദിനം 24 മുതൽ 27 വരെ രോഗികൾക്ക് ഡയാലിസിസ് നടത്തുന്നു. രോഗികളുടെ എണ്ണത്തിലും വരുമാനത്തിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്.<br><br>സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടിയുള്ള മെഡിസെപ്പ് പദ്ധതി ആശുപത്രി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ഈ ആശുപത്രിയുടെ വരുമാനം മുൻകാലങ്ങളെ അപേക്ഷിച്ച് ഇപ്പോൾ വർദ്ധിച്ചിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആശുപത്രിക്ക് കേപ്പ് വഴി നൽകിയിട്ടുള്ള സാമ്പത്തിക സഹായത്തിന്റെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | മുൻകാലങ്ങളെ അപേക്ഷിച്ച് 2017-18 വർഷം മുതൽ ആശുപത്രിയുടെ വരുമാനത്തിൽ വർദ്ധന ഉണ്ടായിട്ടുണ്ട്. 2021-22 വർഷത്തിൽ 1.85 കോടി രൂപയും 2022-23 വർഷത്തിൽ ഇതുവരെ 2.70 കോടി രൂപയും ഉൾപ്പെടെ 4.55 കോടി രൂപ ശമ്പള വിതരണത്തിനായി കേപ്പിൽ നിന്നും നൽകിയിട്ടുണ്ട്. കൂടാതെ അടിസ്ഥാന സൗകര്യ വികസനത്തിനായി (മേൽക്കൂര മാറ്റി സ്ഥാപിക്കുന്നതിന്) 34.35 ലക്ഷം രൂപയും കേപ്പ് ധന സഹായം നൽകിയിട്ടുണ്ട്. |

<table>
<tr><td>(സി)</td><td>ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ സംവിധാനത്തിന് ആവശ്യമായ പുതിയ ബ്ലോക്ക് നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ;</td><td>(സി)</td><td>ഇക്കാര്യം പരിഗണനയിലില്ല.</td></tr>
<tr><td>(ഡി)</td><td>ആശുപത്രിയിലെ കാലപ്പഴക്കം വന്ന മെഡിക്കൽ എക്വിപ്മെന്റുകൾ മാറ്റി പുതിയത് വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;</td><td>(ഡി)</td><td>കാലപ്പഴക്കം ചെന്ന മെഷീനുകൾ മാറ്റി സ്ഥാപിക്കുന്നതിനായി നിർദ്ദേശം CAPE സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധനയിലാണ്.</td></tr>
<tr><td>(ഇ)</td><td>പുന്നപ്ര സാഗര സഹകരണ ആശുപത്രിയിൽ 10 വർഷത്തിലധികമായി ജോലി ചെയ്യുന്ന കരാർ ജോലിക്കാരെയും മുൻപ് സ്ഥിരപ്പെടുത്തിയപ്പോൾ വിട്ടുപോയവരെയും സ്ഥിരപ്പെടുത്തുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;</td><td>(ഇ)</td><td>വിഷയം സർക്കാർ പരിശോധിച്ച് വരുന്നു.</td></tr>
<tr><td>(എഫ്)</td><td>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സാഗര സഹകരണ ആശുപത്രിയിൽ നടത്തിയിട്ടുള്ള താൽക്കാലികവും സ്ഥിരവും ആയ നിയമനങ്ങളുടെയും നിയമനരീതിയുടെയും വിശദാംശം ലഭ്യമാക്കുമോ?</td><td>(എഫ്)</td><td>സാഗര ആശുപത്രിയിൽ സ്ഥിര നിയമനങ്ങൾ നടത്തിയിട്ടില്ല. ദിവസ വേതന വ്യവസ്ഥയിൽ നടത്തിയിട്ടുള്ള നിയമനങ്ങൾ ചുവടെ ചേർക്കുന്നു. പത്ര പരസ്യം വഴി അപേക്ഷകൾ ക്ഷണിച്ച് ടെസ്റ്റ്/ഇന്റർവ്യൂ എന്നിവ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കി അതിൽ നിന്നാണ് നിയമനം നടത്തിയിട്ടുള്ളത്.
<table>
<tr><th>ക്രമ നം</th><th>തസ്തിക</th><th>എണ്ണം</th></tr>
<tr><td>1</td><td>റേഡിയോ ഗ്രാഫർ</td><td>3</td></tr>
<tr><td>2</td><td>ഡയാലിസിസ് ടെക്നീഷ്യൻ</td><td>2</td></tr>
<tr><td>3</td><td>സ്റ്റാഫ് നേഴ്സ്</td><td>9</td></tr>
<tr><td>4</td><td>നേഴ്സിംഗ് അസിസ്റ്റന്റ്</td><td>8</td></tr>
<tr><td>5</td><td>ഫാർമസിസ്റ്റ്</td><td>2</td></tr>
<tr><td>6</td><td>ലാബ് ടെക്നീഷ്യൻ</td><td>2</td></tr>
<tr><td colspan="2">ആകെ</td><td>26</td></tr>
</table></td></tr>
</table>

സെക്ഷൻ ഓഫീസർ